# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1614 | 13.06.2014-ൽ മറുപടിക്ക് |
|---|---|

### അണുകുടുംബ വ്യവസ്ഥിതി കുട്ടികളിൽ ഉളവാക്കുന്ന പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ.പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അണുകുടുംബ വ്യവസ്ഥിതി കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യത്തിന് ഹാനികരമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിലയിരുത്തിയിട്ടില്ല. |
| (ബി) | അണുകുടുംബങ്ങളിൽ മാതാപിതാക്കൾ തൊഴിലിനു പോകുമ്പോൾ ഒറ്റപ്പെട്ടുപോകുന്ന കുട്ടികളുടെ വൈകാരിക പ്രശ്നങ്ങൾ ഗൗരവപരമായി കണക്കിലെടുത്ത് കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് അനുഗുണമാകുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുമോ; | (ബി) & (സി) | 2014-15-ൽ ഐ.സി.ഡി.എസ്-ന്റെ ഭാഗമായി Early Childhood Care and Education എന്ന Curriculum തയ്യാറാക്കി പ്രസ്തുത കരിക്കുലത്തിൽ കുട്ടികളുടെ സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണക്കിലെടുത്ത് വ്യക്തിത്വ വികാസത്തിന് അനുഗുണമായ പാഠ്യപദ്ധതി രൂപപ്പെടുത്തി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിൽ നിന്നും സംസ്ഥാനത്തെ 500 സ്കൂളുകളിൽ സ്ക്കൂൾ കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സ്കൂളുകളിലും ഇത്തരം പ്രശ്നങ്ങളുള്ള കുട്ടികൾക്ക് അടിയന്തിര സഹായത്തിനായി ചൈൽഡ് ലൈനിന്റെ ടോൾ ഫ്രീ നമ്പരായ 1098-ൽ ബന്ധപ്പെടാവുന്നതാണെന്ന സന്ദേശം ഉൾക്കൊള്ളിക്കുന്ന പോസ്റ്ററുകൾ പതിക്കുന്നതിന് ചൈൽഡ് ലൈനിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | അണുകുടുംബ വ്യവസ്ഥിതി സൃഷ്ടിക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെകുറിച്ച് സമഗ്ര പഠനം നടത്തി ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ ഉതകുന്ന കർമ്മപദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ